No.10/2018/SRG/LSGD(8)

# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 16.10.2018 -ന് കൂടിയ യോഗത്തിന്റെ നടപടി വിവരം

യോഗം ഉച്ചകഴിഞ്ഞ് 2.30 മണിക്ക് സെക്രട്ടേറിയറ്റിലെ സൗത്ത് കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരു വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1. തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2018-19-ലെ വാർഷിക പദ്ധതി പുരോഗതി - അവലോകനം -

16.10.2018 വരെയുള്ള ആകെ പദ്ധതി ചെലവ് 32.58 ശതമാനമാണ്. ട്രഷറികളിൽ സമർപ്പിച്ച ബില്ലുകൾ കൂടി ചേർത്താൽ ഇത് 33.88 ശതമാനം വരും. ഏറ്റവും കൂടുതൽ പദ്ധതി ചെലവ് കണ്ണൂർ ജില്ലയിലും (37.90 ശതമാനം) ഏറ്റവും കുറവ് എറണാകുളം ജില്ലയിലുമാണ് (28.11 ശതമാനം). പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള ചെലവ് വിവരം**

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | 31.64 ശതമാനം |
| ബ്ലോക്ക് പഞ്ചായത്ത് | 36.97 ” |
| ജില്ലാ പഞ്ചായത്ത് | 35.94 ” |
| മുനിസിപ്പാലിറ്റി | 30.05 ” |
| കോർപ്പറേഷൻ | 23.46 ” |
| ആകെ | 31.83 ശതമാനം |

**ജില്ല തിരിച്ചുള്ള ചെലവ് വിവരം**

| | |
|---|---|
| കണ്ണൂർ | 37.90 ശതമാനം |
| പത്തനംതിട്ട | 35.58 ” |
| പാലക്കാട് | 35.53 ” |
| കോഴിക്കോട് | 34.62 ” |
| കാസർഗോഡ് | 33.44 ” |
| തിരുവനന്തപുരം | 33.05 ” |
| വയനാട് | 32.67 ” |

| | |
|---|---|
| മലപ്പുറം | 32.26 ശതമാനം |
| കൊല്ലം | 32.81 ” |
| കോട്ടയം | 31.78 ” |
| തൃശ്ശൂർ | 30.48 ” |
| ഇടുക്കി | 30.41 ” |
| ആലപ്പുഴ | 29.22 ” |
| എറണാകുളം | 28.11 ” |

പൊതു വിഭാഗം, SCSP,TSP പ്രോജക്ടുകളുടെ 16.10.2018വരെയുള്ള ചെലവ് ശതമാനം താഴെപ്പറയും പ്രകാരമാണ്.

| ജനറൽ | SCSP | TSP |
|---|---|---|
| 37.97% | 25.70% | 24.11% |

## 2. മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.1 05.09.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

ഖണ്ഡിക 4.12

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.08.2018-ലെ 258/2018/DPO/PKD/DPC നമ്പർ കത്ത് പ്രകാരം താഴെപ്പറയുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഷയങ്ങൾ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചത് ചർച്ച ചെയ്തു.**

(i) **പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 09.08.2018-ലെ കത്ത്**

അനുപൂരക പോഷകാഹാര പദ്ധതിയിൽ കേന്ദ്ര വിഹിതമായി ലഭിച്ച തുകയിൽ 37,97,442/- രൂപ ബാങ്ക് അക്കൗണ്ടിൽ ബാലൻസ് ഉണ്ട്. ഈ തുകയിൽ നിന്ന് 30.00 ലക്ഷം രൂപ ഉപയോഗിച്ച് ഈ വർഷം സി.ഡി.പി.ഒയുടെ ഓഫീസിനായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള (പ്രോ.നം. 68/19) പ്രോജക്റ്റ് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്. ഈ ആവശ്യം കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.09.2018-ലെ യോഗം നിരസിച്ചിരുന്നു.

ഈ തുക പോഷകാഹാര പരിപാടിക്കായി ചെലവഴിക്കാത്തതിന്റെ സാഹചര്യം പരിശോധിച്ച് തയ്യാറാക്കിയ റിപ്പോർട്ട് ഗ്രാമവികസന കമ്മീഷണർ യോഗത്തിൽ അവതരിപ്പിച്ചു. അനുപൂരക പോഷകാഹാര പരിപാടിയിൽ ബ്ലോക്ക് പഞ്ചായത്ത് ചെലവഴിച്ച തുക കേന്ദ്ര സർക്കാരിൽ നിന്നും റീ ഇംപേഴ്സ് ചെയ്ത് ലഭിച്ചതാണെന്ന് ഗ്രാമവികസന കമ്മീഷണർ അറിയിച്ചു.

**തീരുമാനം:-** ഈ തുക അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനോ കെട്ടിടത്തിനു സ്ഥലം വാങ്ങുന്നതിനോ ഉപയോഗിക്കേണ്ട താണ്. കൂടാതെ സാമൂഹ്യക്ഷേമ മേഖലയിലെ മറ്റാവശ്യത്തിനും ഉപയോഗിക്കാവുന്നതാണ്. എന്നാൽ 05.09.2018-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ നിർദ്ദേശിച്ച പ്രകാരം സി.ഡി.പി.ഒ.യ്ക്ക് ഓഫീസ് കെട്ടിടത്തിന് ഉപയോഗിക്കാവുന്ന തല്ല. ഈ തുക ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കാതെ മുകളിൽ പറഞ്ഞ പ്രകാരം തുക ചെലവഴിക്കുന്നതിന് അടിയന്തിര നടപടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

**നടപടി- 1)തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്**

ഖണ്ഡിക 4.30

**കൊല്ലം ജില്ലാ കളക്ടർ 08.08.2018-ലെ Plg. 1623/18/DPO/KLM/CC നമ്പർ കത്ത് പ്രകാരം താഴെപ്പറയുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഷയങ്ങൾ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കു സമർപ്പിച്ചിരിക്കുന്നു.(SRG 624/18)**

**(ii) കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 01.08.2018-ലെ A13 - 598(2)/-18-ാം നമ്പർ കത്ത്**

കൊല്ലം ജില്ലാ പഞ്ചായത്ത് ജില്ലാ വെറ്റിനറി കേന്ദ്രത്തോടു ചേർന്ന് വെറ്ററിനറി മെഡിക്കൽ സ്റ്റോർ ആരംഭിച്ചിട്ടുണ്ട്. മൃഗാശുപത്രികൾക്കാവശ്യമായ മരുന്ന് ക്വട്ടേഷൻ

കൂടാതെ ജില്ലാ പഞ്ചായത്തിന്റെ വെറ്ററിനറി സ്റ്റോറുകളിൽ നിന്ന് വാങ്ങാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** ക്വട്ടേഷൻ കൂടാതെ മരുന്ന് ഇവിടെ നിന്നു വാങ്ങാവുന്നതല്ല എന്ന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അറിയിച്ചു. ഇതനുസരിച്ച് അനുമതി നിരസിച്ചു.

**നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**ഖണ്ഡിക 4.33**

**കോഴിക്കോട് ജില്ലാ പഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ കളക്ടറുടെ 01.09.2018-ലെ 58704/2018/DPC/KKD നമ്പർ കത്ത് പ്രകാരം താഴെപ്പറയുന്നവ കോഓർഡനേഷൻ കമ്മറ്റിയുടെ പരിഗണനയ്ക്കു നൽകിയിരിക്കുന്നു. ജില്ലാ പഞ്ചായത്തു പ്രസിഡന്റിന്റെ 13.08.2018, 21.08.2018 എന്നീ തീയതികളിലെ 6-3235/18-ാം നമ്പർ കത്തുകളും**

(i) കുട്ടികളിലെ പഠന പെരുമാറ്റ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി ചികിത്സ നൽകുന്ന (പ്രോ.നം.135/19, സ്പന്ദനം അടങ്കൽ 70.00 ലക്ഷം രൂപ) പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2013-14 മുതൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രോജക്ടാണ്. നിർവഹണ ഉദ്യോഗസ്ഥൻ ആയുർവേദ ജില്ലാ മെഡിക്കൽ ഓഫീസർ. ഈ പ്രോജക്ട് ഈ വർഷം നടപ്പാക്കാൻ അനുമതി നൽകണമെന്നും ഓരോ വർഷവും കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക അനുമതി നൽകുന്നതിനു പകരം വരും വർഷങ്ങളിലും പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നുമുള്ള ആവശ്യം സംബന്ധിച്ച്.

തുടർ പദ്ധതിയായതിനാൽ ഈവർഷത്തേക്ക് മാത്രമായി കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.09.2018-ലെ യോഗത്തിൽ അനുമതി നൽകി എങ്കിലും ഈ പ്രോജക്ടിന്റെ ഇതുവരെയുള്ള നടത്തിപ്പ് സംബന്ധിച്ച് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരിശോധിച്ച് വിശദമായ റിപ്പോർട്ട് 25.10.2018-നു മുമ്പ് നൽകണം

**നടപടി- 1)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

**2)എക്സിക്യൂട്ടീവ് ഡയറക്ടർ, കേരളസോഷ്യൽ സെക്യൂരിറ്റി മിഷൻ**

**ഖണ്ഡിക4.40**

**തളിക്കുളം ബ്ലോക്ക് പഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.08.2018-ലെ 1257/2018/RO1/DPM(3) -ാം നമ്പർ കത്തും തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 10.07.2018-ലെ കത്തും (SRG/653/18)**

2017-18-ൽ അനുപൂരക പോഷകഹാര പരിപാടി നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയ തുകയിൽ നാട്ടിക, വാടാനപ്പള്ളി എന്നീ ഗ്രാമപഞ്ചായത്തുകൾ യഥാക്രമം 2,50,000/- രൂപ 14,62,250/- രൂപ വീതം ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് സ്പെഷ്യൽ TSP ചെക്കു മുഖേന തിരികെയടച്ചു. ഈ തുക ലൈഫ് പദ്ധതിക്കായി ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** ഇത സംബന്ധിച്ച ഫയൽ വ്യക്തതയോടെ ധനവകുപ്പിന് നൽകണം. ധനവകുപ്പ് തീരുമാനമറിയിക്കുന്നതാണെന്ന് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

**നടപടി- 1)തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്**

**2)ധനവകുപ്പ്**

## 2.2 27.09.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**ഖണ്ഡിക 3.4**

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി ആസൂത്രണ നിർവഹണത്തിന്റേയും ഭരണ നിർവ്വഹണത്തിലെ മികവിന്റേയും അടിസ്ഥാനത്തിൽ നൽകുന്ന പുരസ്കാരങ്ങളുടെ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് താഴെപ്പറയുന്നവരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു. ഇതിന്മേലുള്ള ഉത്തരവ്.

1) തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി - ചെയർമാൻ
2) സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് മെമ്പർ ( വികേന്ദ്രീകൃതാസൂത്രണം, റിസോഴ്സ്)
3) നഗരകാര്യ ഡയറക്ടർ.
4) ഗ്രാമവികസന കമ്മീഷണർ
5) ഡയറക്ടർ, കില
6) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
7) ചീഫ്, ഡി.പി. ഡിവിഷൻ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
8) കൺവീനർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
9) പഞ്ചായത്ത് ഡയറക്ടർ - കൺവീനർ

**നടപടി- 1)തദ്ദേശസ്വയംഭരണ(ഇ.എം) വകുപ്പ്**

**ഖണ്ഡിക 3.8**

കുട്ടനാട് പ്രദേശത്ത് അനുയോജ്യമായ കക്കൂസ് നിർമ്മിക്കുന്നതിന്റെ സാദ്ധ്യത പരിശോധിച്ച് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ താഴെപ്പറയും പ്രകാരം റിപ്പോർട്ട് നൽകിയിട്ടുണ്ട്.

കുട്ടനാട് പോലുള്ള സമുദ്ര നിരപ്പിന് താഴെ സ്ഥിതി ചെയ്യുന്ന പ്രദേശത്ത് സോക്ക് പിറ്റ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കാത്തതിനാലും വെള്ളപ്പൊക്കം പോലുള്ള പ്രകൃതി ദുരന്തങ്ങളിൽ മുങ്ങിപ്പോകാൻ സാധ്യത യുള്ളതിനാലും ഇവ സാധാരണ രീതിയിൽ നിർമ്മിച്ച് സ്ഥാപിക്കുന്നത് ഉചിതമല്ല. ആയതിനാൽ താഴെപ്പറയുന്ന രീതികൾ അവലംബിക്കാവുന്നതാണ് എന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് നൽകിയിരുന്നു.

1. പരമാവധി വെള്ളക്കെട്ട് വരാൻ സാധ്യതയുള്ളതിനും മുകളിലെ നിരപ്പിൽ ടോയ് ലറ്റ് റൂം (ക്ലോസറ്റ് സഹിതം) നിർമ്മിക്കണം

2. ഡി.ആർ.ഡി.ഒ രൂപ കൽപന ചെയ്തിട്ടുള്ള ബയോഡൈജസ്റ്റർ ടോയ് ലറ്റുകൾ ഉയർന്ന പ്രതലമുണ്ടാക്കി സ്ഥാപിക്കുന്നത് അനുയോജ്യമായിരിക്കും.
3. CPHEEO (Central Public Health Environmental Engineering Organization) മാന്വലിൽ നിഷ്കർഷിച്ചിട്ടുള്ള കോൺടാക്ട് എയ്റേഷൻ ടൈപ്പ് പാക്കേജ് സെപ്റ്റിക് ടാങ്കും - സോക്ക് പിറ്റ് സിസ്റ്റവും ഉയർന്ന പ്രതലത്തിൽ സ്ഥാപിച്ച് ഉപയോഗിക്കാവുന്നതാണ്.
4. ആവശ്യത്തിന് സ്ഥലം ലഭ്യമായിട്ടുള്ളിടങ്ങളിൽ, കോൺക്രീറ്റ് നിർമ്മിത സെപ്റ്റിക് ടാങ്ക് - സോക്ക്പിറ്റ് സിസ്റ്റം വെള്ളക്കെട്ട് ഉണ്ടാകാൻ സാധ്യതയുള്ള നിരപ്പിന് മുകളിലായി ഉയർത്തി സ്ഥാപിക്കാവുന്നതാണ്.

ഇതിന്റെ ചെലവ് ഏകദേശം 60,000/- രൂപയാണെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു.

കേന്ദ്ര സർക്കാർ വിഹിതം, ശുചിത്വ മിഷൻ വിഹിതം, തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം എന്നിവ സംയോജിപ്പിച്ച് ഇത്തരം കക്കൂസ് കുട്ടനാട്, മൺട്രോതുരുത്ത്, പൊന്നാനി എന്നിവിടങ്ങളിലെ വെള്ളക്കെട്ടു പ്രദേശങ്ങളിൽ നിർമ്മിക്കുന്നതിന്റെ സാധ്യത പരിശോധിക്കാനും വിവധ സ്രോതസ്സുകളിൽ നിന്ന് ലഭ്യമാക്കാവുന്ന ഫണ്ടു സംബന്ധിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ടും അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പ് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ നൽകണം. കൂടുതൽ കക്കൂസുകൾ നിർമ്മിക്കുന്നതിനാൽ യൂണിറ്റ് നിരക്ക് കുറയ്ക്കുന്നതിന്റെ സാധ്യതയും പരിശോധിക്കണം.

**നടപടി- 1)ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ**
**തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്**

**ഖണ്ഡിക4.2**

**കാസറഗോഡ് ജില്ലാ പഞ്ചായത്ത്**

**കാസറഗോഡ് ജില്ലാ കളക്ടറുടെ 05.09.2018-ലെ 475/2018/DPC/DPO/KSD / നമ്പർ കത്തും കാസറഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 01.09.2018-ലെ D2-1662/18 -ാം നമ്പർ കത്തും**

ജില്ലാ പഞ്ചായത്ത് 2018-19-ൽ ''കോഴികുഞ്ഞുങ്ങളുടെ ജില്ലാതല ഹാച്ചറി'' എന്ന പ്രോജക്ട് (പ്രോ.നം. 13/19, അടങ്കൽ 75.00 ലക്ഷം രൂപ)വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും വെറ്റിംഗ് ഓഫീസറും സംസ്ഥാനതല അപ്പലേറ്റ് കമ്മിറ്റിയും അംഗീകരിച്ചില്ല. ഇത് നടപ്പാക്കാൻ അനുമതി സംബന്ധിച്ച് മൃഗസംരക്ഷണ വകുപ്പു ഡയറക്ടറുടെ കൂടി അഭിപ്രായമാരാഞ്ഞ് ഈ പ്രോജക്ട് നടപ്പാക്കുന്നതിന്റെ സാധ്യതാ റിപ്പോർട്ട് കുടുബശ്രീ ഡയറക്ടർ നൽകണം.

കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ മദ്ധ്യകേരളത്തിലും തെക്കൻ കേരളത്തിലും ഓരോ ഹാച്ചറി തുടങ്ങുന്നതിന് തയ്യാറാണെന്ന് കുടുംബശ്രീ ഡയറക്ടർ അറിയിച്ചു. ഇതിന്മേൽ തുടർ നടപടി സ്വീകരിക്കാൻ കുടുംബശ്രീ ഡയറക്ടറോട് യോഗം നിർദ്ദേശിച്ചു.

**നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2)എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ**

**ഖണ്ഡിക 4.4**

**സിദ്ധ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ സെക്രട്ടറിയുടെ കത്ത് (ലഭിച്ചത് 07.09.2018)**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള സിദ്ധ ഡിസ്പെൻസറികളിലേയ്ക്കാവശ്യമുള്ള മരുന്നുകൾ ഔഷധി വഴി IMPCOPS (Indian Medical Practitioners Co-operative Society) യിൽ നിന്നാണ് വാങ്ങുന്നത്. IMPCOPS - സർക്കാർ സ്ഥാപനങ്ങൾക്ക് നൽകുന്ന 25% കിഴിവ് ഡിസ്പെൻസറികൾക്ക് നൽകാതെ ഔഷധിയാണ് കൈപ്പറ്റുന്നതെന്ന് അറിയിച്ചിരിക്കുന്നു. അതിനാൽ IMPCOPS ൽ നിന്ന് മരുന്ന് നേരിട്ട് വാങ്ങാൻ അനുമതി സംബന്ധിച്ച് ആയുഷ് ഡയറക്ടറുടെ കൂടി അഭിപ്രായമാരാഞ്ഞ് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് നൽകണം.

**നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**പഞ്ചായത്ത് ഡയറക്ടർ**

**ഖണ്ഡിക4.10**

**മലപ്പുറം ജില്ലാ പഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.09.2018-ലെ കത്തും മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 14.09.2018-ലെ P3-436/13-ാം നമ്പർ കത്തും.**

| പ്രോ.നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ |
|---|---|---|
| 1) 1013/19 | വൃക്ക മാറ്റി വച്ച രോഗികൾക്ക് മരുന്ന് വാങ്ങി നൽകൽ | 1.00 കോടി രൂപ |
| 2) 1071/19 | വൃക്ക രോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിനുള്ള ഉപകരണങ്ങളും മരുന്നും വാങ്ങി നൽകൽ | 50.00 ലക്ഷം രൂപ |

വൃക്ക രോഗികൾക്ക് സഹായം വിതരണം ചെയ്യുന്ന പദ്ധതി 2006-07 മുതൽ നടപ്പാക്കുന്നുണ്ട്. ചാരിറ്റബിൾ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത കിഡ്നി പേഷ്യന്റ് വെൽഫയർ സൊസൈറ്റി ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. മരുന്ന വാങ്ങി ഈ സൊസൈറ്റിക്ക നൽകുകയും സൊസൈറ്റി ഇത് പാലിയേറ്റീവ് സൊസൈറ്റികൾ വഴി രോഗികൾക്ക് നൽകുകയും ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. മുൻ വർഷങ്ങളിൽ ഈ രീതിയിൽ പ്രോജക്ട് നടപ്പാക്കിയതിന്മേൽ ഓഡിറ്റ് പരാമർശമുള്ളതിനാൽ ഈ വർഷം പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്. 2014-15- ലെ ഓഡിറ്റിലും 01.04.2017 മുതൽ 31.12.2017 വരെ നടന്ന ഓഡിറ്റിലും ഈ പ്രോജക്ടിന്മേൽ കുറിപ്പെഴുതി ചെലവ് തടസ്സപ്പെടുത്തിയിട്ടുണ്ട് എന്ന് യോഗം നിരീക്ഷിച്ചു. ഈ സാഹചര്യത്തിൽ ഈ പ്രോജക്ടിന്റെ നടത്തിപ്പ സംബന്ധിച്ച് സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ എന്നിവർ ചേർന്ന് വിശദമായി പരിശോധിച്ച് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്ക മുമ്പ് റിപ്പോർട്ട് നൽകണം.

**നടപടി- 1) തദ്ദേശസ്വയംഭരണ (എ.ബി) വകുപ്പ്**
**2)സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ**
**3)സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ**
**4)എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ**

**ഖണ്ഡിക 4.17**

**വെളിനല്ലൂർ ഗ്രാമപഞ്ചായത്ത്**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.09.2018-ലെ കത്തും വെളിനല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27.07.2018-ലെ A3-5827/18-ാം നമ്പർ കത്തും.**

പ്രോ.നം 126/19, അടങ്കൽ 7,54,600/-

പ്രോജക്ടിന്റെ പേര്:- ഉപയോഗയോഗ്യമല്ലാത്ത കക്കൂസുകൾക്ക് പകരം പുതിയ കക്കൂസ്.

2017-18 വർഷം ഉപയോഗയോഗ്യമല്ലാത്ത കക്കൂസുകൾക്ക പകരം പുതിയ കക്കൂസ് നിർമ്മിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കിയിരുന്നു. ഈ വർഷം ഇത് സ്പിൽ ഓവറായി തുടരുന്നുണ്ട്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്,

374 പേരുള്ള ഗുണഭോക്തൃ ലിസ്റ്റാണ് പഞ്ചായത്ത് തയ്യാറാക്കിയിരിക്കുന്നതെന്നും ഇതു പരിശോധിച്ച് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ റിപ്പോർട്ട് നൽകാമെന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു.

**നടപടി-1) എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ**

**ഖണ്ഡിക 4.21**

**തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്**

**തിരുവനന്തപുരം ജില്ലാ കളക്ടറുടെ 05.09.18 Plg.220/19/DPC/DPO/തിരു. CC) നമ്പർ കത്ത് പ്രകാരം തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ താഴെപ്പറയുന്ന വിഷയങ്ങൾ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകിയിരിക്കുന്നു.**

**(b) തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 20.07.2018-ലെ E3-3186/18/TDP നമ്പർ കത്ത്.**

പ്രോ.നം. 264/19 അടങ്കൽ 70.00 ലക്ഷം രൂപ (വികസന ഫണ്ട്)

പ്രോജക്ടിന്റെ പേര്: സ്നേഹധാര

ഭിന്നശേഷിയുള്ള കുട്ടികളുടെ ശാരീരിക മാനസിക ബൗദ്ധികാരോഗ്യ ഉന്നമനത്തിനുവേണ്ടി ജില്ലാ പഞ്ചായത്ത് നടപ്പാക്കുന്ന ഈ പ്രോജക്ടിന്റെ ഇതുവരെ യുള്ള പ്രവർത്തനത്തിന്റെ റിപ്പോർട്ട് (എത്ര പേർക്ക് ട്രീറ്റ്മെന്റ് നൽകി എന്നതുൾപ്പെടെ) പഞ്ചായത്ത് ഡയറക്ടർ മുഖേന ഡി.എം.ഒ നൽകി.എന്നാൽ റിപ്പോർട്ടിൽ വിശദാംശങ്ങൾ ഇല്ല എന്ന് യോഗം വിലയിരുത്തി. ഇതുവരെയുള്ള പ്രവർത്തനത്തിന്റെ വിശദാംശങ്ങൾ അടങ്ങിയ റിപ്പോർട്ട് വകുപ്പിന് നൽകാൻ നിർദ്ദേശിച്ചു.

**നടപടി- 1) തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

**2) പഞ്ചായത്ത് ഡയറക്ടർ**

ഖണ്ഡിക 4.30

**ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടറുടെ 19.07.2018, 16.08.2018 എന്നീ തീയതികളിലെ 3/CKCL/2017-ാം നമ്പർ കത്തുകൾ ( LSGD- DC1/380/2018/LSGD)**

റിസോഴ്സ് റിക്കവറി ഫെസിലിറ്റിയുടെ (RRF) പ്രവർത്തന പരിപാലനത്തിന് ക്ലീൻ കേരള കമ്പനിക്ക് പ്രതിവർഷം ഉണ്ടാകുന്ന അധിക ചെലവ് നികത്തുന്നതിന്റെ ഭാഗമായി ആദ്യത്തെ ഒരു വർഷം (2018-19-ൽ) തദ്ദേശഭരണ സ്ഥാപനങ്ങൾ 2,06,000/- രൂപ വയബിലിറ്റിഗ്യാപ് ഫണ്ട് ആയി ക്ലീൻ കേരള കമ്പനിക്ക് നൽകുന്നതിന് 08.02.2018-ലെ ഉത്തരവ് പ്രകാരം തീരുമാനമായിരുന്നു. അജൈവ മാലിന്യങ്ങൾ കൈകാര്യം ചെയ്യുമ്പോൾ കമ്പനിക്ക് നഷ്ടമുണ്ടാകുന്നതിനാൽ താഴെപ്പറയുന്നവ കൂടി അനുവദിച്ചു നൽകണമെന്നു സംബന്ധിച്ച്

i) തദ്ദേശഭരണ സ്ഥാപനങ്ങൾ MCF കളിൽ നിന്നും തരം തിരിച്ച് സൂക്ഷിച്ചിരിക്കുന്ന അജൈവ മാലിന്യങ്ങൾ ശേഖരിച്ച് RRF ലേയ്ക്ക് ട്രാൻസ്പോർട്ട് ചെയ്യുന്നതിന് കമ്പനി വ്യവസ്ഥകൾ (ട്രാൻസ് പോർട്ടേഷൻ, കയറ്റിയിറിക്ക് കൂലി, മറ്റുള്ളവയ്ക്കായി ഉണ്ടാകുന്ന ചെലവ്, മെറ്റീരിയൽ ഫസിലിറ്റിയിൽ മാലിന്യം സൂക്ഷിക്കേണ്ടവിധം ബ്ലോക്ക്തല RRFകളുടെ പ്രവർത്തനം മുതലായവ) ഉൾക്കൊള്ളിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കരാറിൽ ഏർപ്പെടണമെന്നും ഈ ഇനത്തിലുണ്ടാകുന്ന ചെലവുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിക്കണമെന്നുമുള്ള ആവശ്യം

ii) ക്ലീൻ കേരള കമ്പനി മുഖേന മെഷീനറികൾ സ്ഥാപിച്ചിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ RRF ന്റെ പ്രവർത്തന പരിപാലനവുമായി ബന്ധപ്പെട്ട് ചെലവാകുന്ന തുക കരാർ വ്യവസ്ഥകൾക്കനുസൃതമായി തദ്ദേശഭരണ സ്ഥാപനങ്ങൾ അവരുടെ പ്ലാൻ ഫണ്ടിൽ നിന്ന് ക്ലീൻ കേരള കമ്പനിക്ക് മുൻകൂറായി നൽകണമെന്ന ആവശ്യം

ഇതുവരെ സ്ഥാപിച്ച റിക്കവറി ഫെസിലിറ്റികളുടെ വരവും ചെലവും സംബന്ധിച്ച വിശദാംശങ്ങൾ, ക്ലീൻ കേരള കമ്പനിയുമായി കരാറിൽ ഏർപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ, കരാറിൽ ഏർപ്പെടാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയടക്കമുള്ള വിശദാംശങ്ങൾ സഹിതം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ കൂടി അഭിപ്രായത്തോടെ ക്ലീൻ കേരള കമ്പനിയോട് നൽകാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഇതുവരെ നൽകിയിട്ടില്ല. അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പ് ഇവ നൽകിയിട്ടില്ലെങ്കിൽ ഈ വിഷയം അജണ്ടയിൽ ഉൾപ്പെടുത്തേണ്ടതില്ലെന്ന് തീരുമാനിച്ചു.

**നടപടി- 1))തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്**
**2)ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ**
**3)മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി**

**3. പൊതു വിഷയങ്ങൾ**

===============

**3.1** പൊതുവിഭാഗം പദ്ധതി ചെലവിനേക്കാൾ വളരെക്കുറവാണ് SCSP, TSP പദ്ധതി ചെലവ്. ഇതിൽ പ്രത്യേക ഇടപെടൽ നടത്താൻ പട്ടികജാതി, പട്ടികവർഗ്ഗ വികസന ഡയറക്ടർമാരോടും പഞ്ചായത്ത്, നഗരകാര്യ ഡയറക്ടർമാരോടും ഗ്രാമ വികസന

കമ്മീഷണറോടും യോഗം ആവശ്യപ്പെട്ടു. SCSP, TSP പ്രോജക്ടുകളും നിർവഹണത്തിൽ ചെലവ് ശതമാനം കുറഞ്ഞതിന്റെ കാരണം, പദ്ധതി നിർവഹണത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ എന്നിവയിന്മേൽ അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിനു മുമ്പ് റിപ്പോർട്ട് നൽകാനും വകുപ്പ് മേധാവികളോട് നിർദ്ദേശിച്ചു.

SCSP/TSP പദ്ധതി നിർവഹണത്തിൽ കൂടുതൽ കാര്യക്ഷമത ഉണ്ടാകണം. പട്ടിക ജാതി വികസന ഡയറക്ടർ, പട്ടികവർഗ്ഗ വികസന ഡയറക്ടർ, പഞ്ചായത്ത് നഗരകാര്യ ഡയറക്ടർമാർ, ഗ്രാമവികസന കമ്മീഷണർ എന്നിവർ ഇതിൽ പ്രത്യേക ശ്രദ്ധ എടുക്കണം.

**നടപടി- 1) തദ്ദേശസ്വയംഭരണ(എഫ്.എം.) വകുപ്പ്**
**2) ഡയറക്ടർ, എസ്.സി,എസ്.റ്റി വികസന വകുപ്പ്**
**3) പഞ്ചായത്ത് ഡയറക്ടർ**
**4) നഗരകാര്യ ഡയറക്ടർ**
**5) ഗ്രാമവികസന കമ്മീഷണർ**

**3.2**(i) തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2018-19-ലെ പദ്ധതി നിർവഹണം ഗ്രാമപഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, എന്നിവർ പ്രത്യേകമായി അവലോകനം ചെയ്യണം. എല്ലാ ആഴ്ചയിലും പദ്ധതി പുരോഗതി പ്രത്യേകമായി വിലയിരുത്തണം. പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണം. ഇതിന്മേൽ വകുപ്പുമേധാവികൾ സ്വീകരിച്ച നടപടികളും റിപ്പോർട്ടും അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകണം.

(ii) നിർമ്മാണ പ്രോജക്ടുകളുടെ വെറ്റിംഗ്, സാങ്കേതിക അനുമതി എന്നിവയുടെ വിശദാംശങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ നൽകണം.

(iii) ഇതു കൂടാതെ എല്ലാ ജില്ലയിലും ജില്ലാ ആസൂത്രണസമിതിയുടെ ആഭിമുഖ്യത്തിലുള്ള ബ്ലോക്ക്/മുൻസിപ്പൽ തലത്തിലുള്ള അവലോകനം ഒക്ടോബർ 30-നകം പൂർത്തിയാക്കണം. വിശദാംശങ്ങൾ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ഡി.പി. ഡിവിഷൻ ചീഫ് നൽകണം.

**നടപടി- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**
**3) നഗരകാര്യ ഡയറക്ടർ**
**4) ഗ്രാമവികസന കമ്മീഷണർ**
**5) ചീഫ്. ഡി.പി. ഡിവിഷൻ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്**
**6) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്**

**3.3** അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ, നഗരസഭകൾ എന്നിവയുടെ ജില്ല തിരിച്ച പദ്ധതി പുരോഗതി റിപ്പോർട്ട് ഐ.കെ.എം. നൽകണം. ഇതോടൊപ്പം ഓരോ ജില്ലകളിലേയും SCSP, TSP യുടെ പദ്ധതി പുരോഗതിയും പ്രത്യേകം നൽകണം

**നടപടി- 1) തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**

**3.4** KSEB, KWA എന്നിവിടങ്ങളിൽ നിന്ന് എസ്റ്റിമേറ്റ് ലഭിക്കാൻ വൈകുന്നുണ്ടെന്ന് യോഗം വിലയിരുത്തി. KSEB, KWA ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരുടേയും

എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടേയും യോഗം ജില്ലാതലത്തിൽ ജില്ലാ കളക്ടർമാർ വിളിച്ചു ചേർത്ത് എസ്റ്റിമേറ്റ് നൽകുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കണം.

**നടപടി- 1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**2) ചീഫ്(ഡി.പി. ഡിവിഷൻ) സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്**

**3) ജില്ലാ കളക്ടർമാർ**

3.5 SCP/TSP യിലെ പൊതു പ്രോജക്ടുകൾക്ക് ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും നൽകുന്നതിൽ കാലതാമസം വരുത്താൻ പാടില്ല. ഇതിന്മേൽ പട്ടികജാതി വികസന ഡയറക്ടറും പട്ടികവർഗ്ഗ വികസന ഡയറക്ടറും ജില്ലയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകണം. എത്ര പ്രോജക്ടുകൾക്ക് ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, സോഷ്യൽ മാപ്പ് ആവശ്യപ്പെട്ടു, നൽകിയത് എത്ര ഇവയുടെ വിശദാംശം അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകണം.

**നടപടി- 1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**
**2) പട്ടികജാതി വികസന ഡയറക്ടർ**
**3) പട്ടികവർഗ്ഗ വികസന ഡയറക്ടർ**

3.6 അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ പ്രധാനപ്പെട്ട മേഖലയിൽ ( ഉദാ:കൃഷി, മൃഗസംരക്ഷണം തുടങ്ങിയ) വന്ന പദ്ധതിചെലവ് പ്രത്യേകമായി നൽകണം

**നടപടി- 1) തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**

3.7 MGNREGS-ൽ അധികമായി 50 തൊഴിൽ ദിനം കൂടി ലഭിക്കുന്നുണ്ട്. വിവിധ മേഖലകളിൽ സാധ്യമായ പ്രോജക്ടുകളുമായി MGNREGS സംയോജിപ്പിക്കണം.

**നടപടി- 1) തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്**
**2) ഡയറക്ടർ MGNREGS**

3.8 അനുപൂരക പോഷകാഹാര പരിപാടിക്ക് കേന്ദ്ര വിഹിതമായി ലഭിച്ചതും മറ്റു തദ്ദേശഭരണ സ്ഥാപനങ്ങൾ കൈമാറി നൽകിയതുമായ തുക പല തദ്ദേശഭരണ സ്ഥാപനങ്ങളുടേയും അക്കൗണ്ടിൽ ഉണ്ട്. ഇങ്ങനെ പണം അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ പേര്, തുക, (മുതലും പലിശയും പ്രത്യേകം) തുക ലഭിച്ച വർഷം എന്നീ വിവരങ്ങൾ ശേഖരിച്ച് അതത് വകുപ്പ മേധാവികൾ നൽകണം.

നടപടി:-1) **തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**
**2) പഞ്ചായത്തു ഡയറക്ടർ,**
**3) നഗരകാര്യ ഡയറക്ടർ**
**4) ഗ്രാമവികസന കമ്മീഷണർ**

3.9 ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, നഗരസഭകൾ എന്നിവിടങ്ങളിലെ നിർമ്മാണ പ്രോജക്ടുകൾ നിർവഹണം നടത്തുന്നതിന് താഴെതലത്തിലുള്ള എഞ്ചിനീയർമാർക്കു കൂടി മാർഗ്ഗരേഖ പ്രകാരം ചുമതല നൽകിയിരുന്നു. (ഉദാ:

ബ്ലോക്ക് പഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരേയും ജില്ലാ പഞ്ചായത്തുകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരേയും) ഇങ്ങനെ പുതിയതായി ഉൾപ്പെടുത്തിയിരിക്കുന്ന നിർവഹണ ഉദ്യോഗസ്ഥർക്ക് തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ നൽകിയ ലിസ്റ്റ് പ്രകാരം DDO കോഡ് 2017-18-ൽ ധനവകുപ്പിൽ നിന്നും നൽകി. എന്നാൽ എറണാകുളം ജില്ലയിലെ ഇടപ്പള്ളി, പള്ളുരുത്തി, കോതമംഗലം, വാഴക്കുളം, അങ്കമാലി, മുളന്തുരുത്തി, പാറക്കടവ് തുടങ്ങിയ ബ്ലോക്ക് പഞ്ചായത്തുകളിലെ അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും അങ്കമാലി മുനിസിപ്പാലിറ്റിയിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും DDO കോഡ് ലഭിച്ചിട്ടില്ല എന്നറിയിച്ചിട്ടുണ്ട്.

ഇതേ പോലെ മറ്റ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും DDO കോഡ് ഇനിയും ലഭിച്ചിട്ടില്ലാത്ത നിർവഹണ ഉദ്യോഗസ്ഥ രായുള്ള എഞ്ചിനീയർമാരുടെ ലിസ്റ്റ് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അടിയന്തിരമായി ശേഖരിച്ച് ധനവകുപ്പിന് നൽകണം. മുൻ വർഷത്തെ തുടർച്ച എന്ന വണ്ണം ഇവർക്കു കൂടി DDO കോഡ് അനുവദിക്കുന്നത് പരിഗണിക്കണമെന്ന് ധന വകുപ്പിനോടാവശ്യപ്പെട്ടു.

**നടപടി- 1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**3.10** തദ്ദേശഭരണ സ്ഥാപനങ്ങൾ സംയുക്ത പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ മുഖ്യ നിർവ്വഹണ തദ്ദേശഭരണ സ്ഥാപനത്തിന് മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾ ഫണ്ട് കൈമാറുന്ന രീതി മാറ്റി അലോട്ട്മെന്റ് രീതി 03.07.2018 -ലെ 100/2018/ഫിൻ നമ്പർ ഉത്തരവ് പ്രകാരം ധന വകുപ്പ് ഏർപ്പെടുത്തിയിരുന്നു. പെട്ടെന്ന് ഈ ക്രമീകരണം വന്നതിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അസൗകര്യം പരിഗണിച്ച് 30.09.2018-വരെ പഴയ രീതി തുടരാൻ (ഫണ്ടു കൈമാറുന്ന രീതി) 16.08.2018-ലെ 132/2018/ഫിൻ നമ്പർ ഉത്തരവ് പ്രകാരം ധന വകുപ്പ് അനുമതി നൽകിയിരുന്നു. സാമ്പത്തിക വർഷത്തിന്റെ ഇടയ്ക്ക് ഇപ്രകാരം ക്രമീകരണങ്ങൾ നടത്തുന്നത് അസൗകര്യം ഉണ്ടാക്കും എന്നതിനാൽ പഴയ രീതി (ഫണ്ട് കൈമാറുന്ന രീതി) തുടരുന്നതിനുള്ള സമയപരിധി 31.03.2019വരെയാക്കുന്നത് പരിഗണിക്കണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു.

**നടപടി- 1) തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്**

**3.11** ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2018-19-ലെ പദ്ധതി നിർവഹണവും 2019-20-ലെ ആസൂത്രണ നടപടിക്രമങ്ങളും സംബന്ധിച്ച അവലോകനം എല്ലാ ജില്ലയിലും നടത്താൻ തീരുമാനിച്ചു. സമയവും സ്ഥലവും താഴെ ചേർക്കുന്നു. 27.09.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ നിർദ്ദേശിച്ചതുപോലെ എല്ലാ ജില്ലകളിലും ബ്ലോക്ക് തലത്തിലും മുനിസിപ്പാലിറ്റിതലത്തിലുമുള്ള അവലോകനം 30.10.2018-നകം പൂർത്തിയാക്കണം. ജില്ലതല അവലോകനവും നടത്തണം. ഇതിന്റെ ക്രോഡീകരിച്ച റിപ്പോർട്ട് എസ്.ആർ.ജി.യിലേയ്ക്ക് ജില്ലാ പ്ലാനിംഗ് ഓഫീസർമാർ നൽകണം. ബഹു.മന്ത്രിയുടെ യോഗത്തിനുവേണ്ട ക്രമീകരണം ജില്ലാ കളക്ടർമാർ ചെയ്യണം. തദ്ദേശഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാർ , സെക്രട്ടറിമാർ, ജില്ലാതല ഉദ്യോഗസ്ഥന്മാർ, ബ്ലോക്ക് പഞ്ചായത്തിലേയും നഗരസഭകളിലേയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ്

എഞ്ചിനീയർമാർ/എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, ജില്ലാ ആസൂത്രണസമിതി അംഗങ്ങൾ എന്നിവർ യോഗത്തിൽ പങ്കെടുക്കണം.

**അവലോകന യോഗത്തിന്റെ തീയതിയും സമയക്രമവും**

| | | | | |
|---|---|---|---|---|
| 1) | 12.11.2018 | തിങ്കൾ | 2.00 pm | തൃശ്ശൂർ |
| 2) | 16.11.2018 | വെള്ളി | 10.00 am | ഇടുക്കി |
| 3) | 17.11.2018 | ശനി | 10.00 am | മലപ്പുറം |
| 4) | 19.11.2018 | തിങ്കൾ | 10.00 am | എറണാകുളം |
| 5) | 20.11.2018 | ചൊവ്വ | 2.00 pm | ആലപ്പുഴ |
| 6) | 23.11.2018 | വെള്ളി | 2.30 pm | കൊല്ലം |
| 7) | 24.11.2018 | ശനി | 10.30 am | കണ്ണൂർ,കാസർഗോഡ് (സ്ഥലം - കണ്ണൂർ) |
| 8) | 27.11.2018 | ചൊവ്വ | 10.30 am | തിരുവനന്തപുരം |
| 9) | 30.11.2018 | വെള്ളി | 10.30 am | കോട്ടയം, പത്തനംതിട്ട (സ്ഥലം - കോട്ടയം) |
| 10) | 01.12.2018 | ശനി | 2.30 pm | പാലക്കാട് |
| 11) | 03.12.2018 | തിങ്കൾ | 10. am | കോഴിക്കോട്, വയനാട് (സ്ഥലം -കോഴിക്കോട്) |

**നടപടി- 1) തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്**
**2) ചീഫ് (ഡി.പി. ഡിവിഷൻ) എസ്.പി.ബി**

**4. പ്രത്യേക വിഷയങ്ങൾ**

====================

**4.1 സാംസ്കാരിക വകുപ്പ് സെക്രട്ടറിയുടെ 01.10.2018-ലെ C2/202/17-ാം നമ്പർ കത്ത്**

സാംസ്കാരിക വകുപ്പ് വജ്ര ജൂബിലി ഫെലോഷിപ്പ് എന്ന ഒരു പ്രോജക്ട് നടപ്പാക്കുന്നുണ്ട്. സംസ്ഥാനത്ത് ബ്ലോക്ക് പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നീ തലത്തിൽ രൂപീകരിച്ച 140 ക്ലസ്റ്ററുകളിലായി വിന്യസിച്ച 1000 യുവ കലാകാരന്മാർ മുഖേന കുട്ടികൾക്കും യുവാക്കൾക്കും കലാ പരിശീലനം നൽകാനാണ് ഉദ്ദേശിക്കുന്നത്. ബ്ലോക്ക് പഞ്ചായത്തുകൾ തങ്ങളുടെ പരിധിയിലുള്ള ഗ്രാമപഞ്ചായത്ത് സമിതികളുമായി ചേർന്ന് സംയുക്തമായി ഫെലോഷിപ്പ് കലാകാരന്മാരെ വിന്യസിച്ച് കലാപരിശീലനം നടത്തും. സാംസ്കാരിക വകുപ്പ് മാസംതോറും 10,000/- രൂപ ഫെലോഷിപ്പായി ഓരോ കലാകാരനും നൽകുന്നുണ്ട്. ഈ പദ്ധതി വിജയിപ്പിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണം ഉണ്ടാകണമെന്നതു സംബന്ധിച്ച്

1) കോഓർഡിനേഷൻ കമ്മിറ്റിയുടെ 17.01.2018-ലെ യോഗത്തിൽ ഇതു സംബന്ധിച്ച് ചർച്ച ചെയ്യുകയും താഴെപ്പറയുന്ന തീരുമാനമെടുക്കുകയും ചെയ്തിരുന്നു.

(a) വിദ്യാലയങ്ങളും കമ്മ്യൂണിറ്റി സെന്ററുകളും കേന്ദ്രീകരിച്ച് കലാ പരിശീലനത്തിന്റെ ഏകോപനം ജില്ലാ പഞ്ചായത്തുകൾ നടത്തണം.

(b) സർവ്വശിക്ഷ അഭിയാൻ പദ്ധതിയിൻ കീഴിൽ കലാ പരിശീലനത്തിനായി നീക്കി വച്ചിട്ടുള്ള അദ്ധ്യയന സമയം ഫെലോഷിപ്പ് കലാകാരൻമാർ വഴി ഫലപ്രദമായി വിനിയോഗിക്കാൻ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ആലോചിച്ച് ക്രമീകരണമുണ്ടാക്കണം. ഇതിനായി അനുയോജ്യമായ സ്ഥലം കണ്ടെത്തേണ്ടതാണ്.

(c) ഫെലോഷിപ്പ് വിഹിതം നൽകുന്നതിനും കലാകാര ന്മാരുടെ ആതിഥേയത്വ ചെലവുകൾ വഹിക്കുന്നതിനും നഗരസഭകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും പദ്ധതി വിഹിതത്തിൽ നിന്ന് തുക ചെലവഴിക്കാവുന്നതാണ്.

അധികമായ ആവശ്യം സംബന്ധിച്ച് വിശദാംശങ്ങൾ സാംസ്കാരിക വകുപ്പ് ഡയറക്ടർ യോഗത്തിൽ അവതരിപ്പിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ സാംസ്കാരിക വകുപ്പും എസ്.ആർ.ജി. യുമായി ചേർന്ന് കുറിപ്പ് തയ്യാറാക്കി ഉത്തരവിനായി സർക്കാരിലേയ്ക്ക് നൽകാൻ നിർദ്ദേശിച്ചു. ഈ കലാകാര ന്മാർ തദ്ദേശഭരണ സ്ഥാപനങ്ങളും പ്രത്യേകിച്ച് ജനപ്രതിനിധികളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന രീതിയിലായിരിക്കണം പ്രവർത്തനം ആസൂത്രണം ചെയ്യേണ്ടത്.

ഇതിനു മുന്നോടിയായി ബ്ലോക്ക് പഞ്ചായത്ത് അദ്ധ്യക്ഷന്മാർ നഗരസഭാ ചെയർപേഴ്സൺ, ഓരോ ജില്ലയിലും വിന്യസിക്കപ്പെട്ടിട്ടുള്ള കലാകാരന്മാർ എന്നിവരുടെ യോഗം ജില്ലാ ആസൂത്രണസമിതി ചെയർപേഴ്സൺ വിളിച്ചു ചേർക്കണം. ഇതിനുള്ള ക്രമീകരണം ജില്ലാ പ്ലാനിംഗ് ഓഫീസർമാർ ചെയ്യണം.

**നടപടി- 1) തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

## 4.2 കണ്ണൂർ ജില്ലാ പഞ്ചായത്ത്

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.10.2018-ലെ കത്തും കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 29.09.2018-ലെ A4-2898/17-ാം നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2018-ലെ യോഗ നടപടിവിവരവും (ഖണ്ഡിക2.1) SRG 878/18-CC-182/19)**

പ്രോ.നം. 394/19 അടങ്കൽ 49,00,000/- രൂപ

പേര്:- ആറളം നവജീവൻ കോളനി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ - ആറളം ഗ്രാമപഞ്ചായത്ത്

ആറളം പരിപ്പതോട് പ്രദേശത്തെ പട്ടികവർഗ്ഗ കുടുംബങ്ങളുടെ വീടുകളുടെ അറ്റകുറ്റപ്പണി നടത്താൻ 13.08.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിരുന്നു. പട്ടികവർഗ്ഗ വികസന ഡയറക്ടറുടെ ശുപാർശ പ്രകാരം 1.50 ലക്ഷം രൂപ വീതം നൽകാനാണ് അനുമതി നൽകിയത്. 11 വർഷം മുമ്പ് ഈ വീടുകൾ നിർമ്മിച്ചത് 1.00 ലക്ഷം രൂപ വീതം ചെലവഴിച്ചാണ് (വിസ്തീർണ്ണം 30.72 ച.മി) വീട്ടു അറ്റകുറ്റപ്പണിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ഒരു കിടപ്പുമുറിയും കക്കൂസും നിർമ്മിക്കുക, മേൽക്കൂര ബലപ്പെടുത്തുക , ചുമർ പ്ലാസ്റ്ററിംഗ് , നിലം കോൺക്രീറ്റിംഗ് എന്നിവയാണ്.

എഞ്ചിനീയറുടെ എസ്റ്റിമേറ്റ് പ്രകാരം ഈ പ്രവർത്തിക്ക് വീട് ഒന്നിന് 3,60,000/- രൂപയാകും. ഇതനുസരിച്ച് പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം:-** അനുമതി നൽകുന്നു.

**നടപടി- 1)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

### 4.3 അഴിയൂർ ഗ്രാമപഞ്ചായത്ത്

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.10.2018-ലെ കത്തും അഴിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27.06.2018-ലെ A3-2100/18- ാം നമ്പർ കത്തും (SRG 880/18-CC-217/18)**

പ്രോ.നം. 87/19 അടങ്കൽ 2,00,000/- രൂപ

പേര്:- പൊതു സ്ഥലങ്ങളിൽ ക്യാമറ സ്ഥാപിക്കൽ

റോഡിൽ മാലിന്യം തള്ളുന്നത് തടയാൻ പഞ്ചായത്തിൽ വിവിധ സ്ഥലങ്ങളിൽ സി.സി. ക്യാമറ സ്ഥാപിക്കാനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്

**തീരുമാനം:-** വിശദാംശങ്ങൾ നൽകണം. പിന്നീട് പരിഗണിക്കും

**നടപടി- 1)തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

### 4.4 തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.10.2018-ലെ Plg.220/19/DPC/DPO/തിരു.സി.സി. നമ്പർ കത്ത് (SRG-876/18)

ജില്ലയിൽ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾ 16,550 കിണറുകൾ റീ ചാർജ്ജ് ചെയ്യുന്നതിന് പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ 4,080 കുടുംബങ്ങളുടെ ഹരിത ഭവനം എന്ന പ്രോജക്ടിലും കിണർ റീചാർജ്ജിംഗ് ഒരു ഘടകമാണ്. വ്യക്തികളെക്കൊണ്ടുമാത്രം കിണർ റീ ചാർജ്ജിംഗ് പൂർത്തീകരിക്കാൻ ബുദ്ധിമുട്ടുള്ളതിനാൽ കിണർ റീചാർജ്ജിംഗിൽ പ്രായോഗിക പരിചയമുള്ള ഏജൻസികളിൽ നിന്ന് അപേക്ഷ ക്ഷണിച്ച് ചില ഏജൻസികളെ തെരഞ്ഞെടുത്തിട്ടുണ്ട്.
കിണർ റീ ചാർജ്ജിംഗ് പ്രവർത്തനം ജില്ലാ ആസൂത്രണസമിതി തെരഞ്ഞെടുക്കുന്ന അംഗീകൃത ഏജൻസികളെക്കൊണ്ട് നടപ്പിലാക്കുന്നതിനും ബന്ധപ്പെട്ട ഓവർസീയർ/എഞ്ചിനീയറുടെ വാല്യൂവേഷന്റെ അടിസ്ഥാനത്തിൽ ഏജൻസിക്ക് നേരിട്ട് ബിൽ തുക നൽകാനും അനുമതി സംബന്ധിച്ച്

**തീരുമാനം:-** ഈ പ്രോജക്ട് MGNREGS മായി പരമാവധി സംയോജിപ്പിച്ച് നടപ്പാക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു. സർക്കാർ നിർദ്ദേശിച്ചിട്ടുള്ള നിരക്ക് ഉയർന്ന പരിധിയായി കണക്കാക്കേണ്ടതാണ്.

**നടപടി- 1)തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്**

**4.5 എറണാകുളം ജില്ലാ പഞ്ചായത്ത്**

**എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 11.09.2018-ലെ DP15-2993/18-ാം നമ്പർ കത്ത്**

ശ്രീമൂലനഗരം ഗ്രാമപഞ്ചായത്തിലെ NEET യോഗ്യത നേടിയ അജിൻഷ.ജി. കൈപ്രപ്പടി ശ്രീമൂലനഗരം എന്ന പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട കുട്ടിക്ക് വിദേശത്ത് ഉപരിപഠനത്തിന് ധനസഹായം നൽകുന്നതിന് അനുമതി സംബന്ധിച്ച്

**തീരുമാനം:-** പട്ടികജാതി വികസനവകുപ്പിന്റെ മറ്റു മാനദണ്ഡങ്ങൾ പാലിക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു. വിദേശത്തെ ഉപരി പഠനത്തിനായതിനാൽ കാലതാമസം ഒഴിവാക്കേണ്ടതാണ്.

നടപടി- 1)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്

**4.6 എറണാകുളം ജില്ലാ പഞ്ചായത്ത്**

**എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 11.09.2018-ലെ DP15-2993/18-ാം നമ്പർ കത്ത്**

ശ്രീമൂലനഗരം ഗ്രാമപഞ്ചായത്തിലെ വിശാഖ് സുരേന്ദ്രൻ കടുകപ്പിള്ളി സൗത്ത് വെള്ളാരപ്പിള്ളി എന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടിക്ക് വിദേശത്ത് മെഡിക്കൽ ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്നതിന് അനുമതി സംബന്ധിച്ച്

**തീരുമാനം:-** പട്ടികജാതി വികസനവകുപ്പിന്റെ മറ്റു മാനദണ്ഡങ്ങൾ പാലിക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു. വിദേശത്തെ ഉപരി പഠനത്തിനായതിനാൽ കാലതാമസം ഒഴിവാക്കേണ്ടതാണ്.

നടപടി- 1)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്

**4.7 എടവണ്ണ ഗ്രാമപഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.10.2018-ലെ കത്തും എടവണ്ണ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 03.10.2018-ലെ A1-334/16-ാം നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.06.2018-ലെ യോഗ തീരുമാനവും (SRG-858/18)**

പ്രോ.നം- 410/19 അടങ്കൽ 4.00 ലക്ഷം രൂപ
പേര്:- വനിതാ വ്യായാമശാല സജ്ജീകരണം

2017-18 വർഷം ആരംഭിച്ച വനിത വ്യായാമശാല സജ്ജീകരണം എന്ന പ്രോജക്ട് (അടങ്കൽ 4.00 ലക്ഷം രൂപ ) ഈ വർഷം സ്പിൽ ഓവറായി തുടരുന്നുണ്ട്. ഇപ്പോൾ ഈ പ്രോജക്ട് പൂർത്തിയായി. 2018 മാർച്ച് 31-നകം ഈ പ്രോജക്ടിന്റെ എഗ്രിമെന്റ്

വച്ചതാണ്. അതിനാൽ കാറ്റഗറി 1 സ്പിൽ ഓവറായി ഉൾപ്പെടുത്താൻ അനുമതി സംബന്ധിച്ച്

**തീരുമാനം:-** അനുമതി നൽകുന്നു.

**നടപടി- 1)തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**4.8 മാരാരിക്കുളം ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.09.2018-ലെ കത്ത് (SRG 847/18)- CC 138/18)**

പ്രോ.നം:- 89/19 അടങ്കൽ 6,61,000/- രൂപ

പേര്:- ഗ്രാമസേവാ കേന്ദ്രം നടത്തിപ്പ്

പഞ്ചായത്ത് ഓഫീസിന്റെ പ്രവർത്തനം സുഗമമായി നടത്തുന്നതിന്റെ ഭാഗമായി പഞ്ചായത്തിലെ 23 വാർഡുകളിലും സേവാഗ്രാം- ഗ്രാമകേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങളിൽ കോഓർഡിനേറ്റർമാരുടെ നിയമനം നേരത്തേ നടത്തിയിരുന്നു. ഈ വർഷം മുതൽ ഇവർക്ക് പ്രതിഫലം നൽകാൻ ഉദ്ദേശിക്കുന്നു. ഇതിന് അനുമതി സംബന്ധിച്ച്

**തീരുമാനം:-** പിന്നീട് പരിഗണിക്കാനായി മാറ്റി വച്ചു.

**നടപടി- 1)തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**4.9 മാരാരിക്കുളംതെക്ക് ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.09.2018-ലെ കത്ത്(SRG-848/18)**

പ്രോ.നം - 277/18 അടങ്കൽ 3.00 ലക്ഷം രൂപ

പേര്:- TMP LPS വാഹന ചെലവ്, ഡ്രൈവറുടെ വേതനം

ടാഗോർ മെമ്മോറിയൽ പഞ്ചായത്ത് എൽ.പി. സ്കൂളിന് MLASDF ൽ ഒരു വാഹനം ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് വാഹന ഇൻഷ്വറൻസ് , ഡ്രൈവറുടെ വേതനം, ഇന്ധന ചെലവ്, വാഹന മെയിന്റനൻസ് എന്നിവ നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** തനത്ഫണ്ട് ഉപയോഗിക്കണമെന്ന നിബന്ധനയോടെ ഈ വർഷത്തേയ്ക്ക് മാത്രമായി പ്രത്യേക അനുമതി നൽകുന്നു.

**നടപടി- 1)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

**4.10 എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.09.2018-ലെ കത്തും 24.09.2018-ൽ നടന്ന നൂതന പ്രോജക്ടുകളുടെ ജില്ലാതല വിദഗ്ദ്ധ സമിതി യോഗത്തിന്റെ നടപടിക്കുറിപ്പും (SRG-849/18)**

താഴെപ്പറയുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ നൂതന വിഭാഗത്തിൽപ്പെടുന്ന പ്രോജക്ടുകൾ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകിയത് യോഗം ചർച്ച ചെയ്തു.

## (1) ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത്

പ്രോ.നം- 202/19 അടങ്കൽ 31,07,260/- രൂപ, വികസന ഫണ്ട്- 6,47,510/- രൂപ (ബാക്കി മറ്റു വിഹിതം )

പേര്:- ചൂർണ്ണിക്കര കാർഷിക പാക്കേജ്

പ്രളയാനന്തരം അടിഞ്ഞു കൂടിയ എക്കൽ കൃഷിക്ക് ഉപയോഗിക്കാനും നഷ്ടപ്പെട്ട കൃഷിയെ വീണ്ടെടുക്കാനുമാണ് പ്രോജക്ട്. എക്കൽ ട്രൈക്കോഡെർമ ഉപയോഗിച്ച് തെങ്ങിന്റെ ഉത്പാദനം വർദ്ധിപ്പിക്കുക, കൂമ്പ് ചീയൽ രോഗത്തെ പ്രതിരോധിക്കാൻ ട്രൈക്കോ ഡെർമ കയർ പിത്ത്കേക്ക് ( tryco derma coir pith cake) കർഷകർക്ക് നൽകുക, അത്യുൽപാദനശേഷിയുള്ള ജാതി, വാഴ, കുരുമുളക് എന്നിവ നൽകുക, തരിശായി കിടക്കുന്ന തട്ടേപ്പാടം പാടശേഖരത്തിലെ 15 ഏക്കർ സ്ഥലത്ത് നെൽക്കൃഷി നടത്തുക, ഗ്രോ ബാഗ് കൃഷി , കാലവർഷക്കെടുതിയിൽ പമ്പ്സെറ്റ് കേടായ 15 കർഷകർക്ക് പുതിയ ജലസേചന സൗകര്യം നൽകുക എന്നിവയാണ് പ്രവർത്തനം. മാർഗ്ഗരേഖയിൽ ഇതിന്റെ ഘടകങ്ങൾ ഇല്ലാത്തതിനാൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി സംബന്ധിച്ച്.

**തീരുമാനം:-**
1) പ്രത്യേക അനുമതി നൽകുന്നു. ഈ പ്രോജക്ടിന് മാത്രമായി സബ്സിഡി നിരക്ക് നിശ്ചയിക്കാൻ നൂതന പ്രോജക്ടിനുള്ള ജില്ലാതല വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തുന്നു. ഈ നിരക്ക് പാലിക്കേണ്ടതാണ്.
2) 2017-18-ൽ നൂതന പ്രോജക്ട് എന്ന നിലയിൽ അനുമതി നൽകിയ പ്രാഥമിക വിള ആരോഗ്യ കേന്ദ്രം എന്ന പ്രോജക്ടിന്റെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട് അവലോകനത്തിനായി നൽകേണ്ടതാണ്

**നടപടി- 1)തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

## (2) കിഴക്കമ്പലം ഗ്രാമപഞ്ചായത്ത്

പ്രോ.നം- 36/18 അടങ്കൽ 46.00 ലക്ഷംരൂപ, വികസന ഫണ്ട്-23.00 ലക്ഷം രൂപ

പേര്:- ഇറച്ചിക്കോഴി വളർത്തൽ

ഒരു മാസം പ്രായമായ പൂവൻകോഴി കുഞ്ഞുങ്ങളെ വാങ്ങി 3 മാസം വളർത്തി വലുതാക്കി വിൽക്കുന്നതിനാണ് പദ്ധതി. കൂടിനും കോഴിക്കുഞ്ഞിനും 50 ശതമാനം വീതം സബ്സിഡിയോടെ നൽകുകയാണ് പ്രവർത്തനം. നൂതന പ്രോജക്ടായി തയ്യാറാക്കിയിരിക്കുന്ന ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** 100 എണ്ണം വീതം ബ്രോയിലർ കോഴികളെ നൽകികൊണ്ടുള്ള യൂണിറ്റാണ് ഉദ്ദേശിക്കുന്നതെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ഇപ്രകാരം പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകുന്നു. കോഴിക്കുഞ്ഞിന് മാർഗ്ഗരേഖപ്രകാരമുള്ള സബ്സിഡിയിൽ പരിമിതപ്പെടുത്തണം. കൂടിന് അനുവദനീയമായ സബ്സിഡി നിരക്ക് 25% ആണ്.

**നടപടി- 1)തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

## 4.11 കോട്ടയം ജില്ലാ പഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.09.2018-ലെ കത്തും കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 07.08.2018-ലെ 1(8)-ാം നമ്പർ ഭരണസമിതി തീരുമാനവും( SRG 833/18-CC/86/1)**

പ്രോ.നം. 532/19 അടങ്കൽ 30,00,000/- രൂപ
പേര് :- ആധുനിക ശുചിത്വ സമുച്ചയം

വൈക്കം താലൂക്ക് ആശുപത്രിയിൽ ആധുനിക ശുചിത്വ സമുച്ചയം നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. താലൂക്ക് ആശുപത്രി ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലല്ലാത്തതിനാൽ പ്രത്യേക അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** വൈക്കം പിന്നോക്ക മേഖല ആയതിനാലും ആശുപത്രിക്കുള്ള ശുചിത്വ പ്രോജക്ടായതിനാലും പ്രത്യേക അനുമതി നൽകുന്നു. ശുചിത്വ മിഷന്റെ ഫണ്ട് ലഭ്യമാകുമെങ്കിൽ അതുകൂടി ഉൾപ്പെടുത്താൻ നടപടി എടുക്കണം.

**നടപടി- 1)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

## 4.12 പൊന്മുണ്ടം ഗ്രാമപഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.10.2018-ലെ കത്തും പൊൻമുണ്ടം ഗ്രാമപഞ്ചായത്തിന്റെ 25.09.2018-ലെ 3/3-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 883/18 CC 220/18)**

പ്രോ.നം- 33/19 അടങ്കൽ 23,51,800/- രൂപ

പ്രോ.നം. – 150/19 അടങ്കൽ 2,60,000/- രൂപ
പേര്:- ലൈഫ് ഭവന പദ്ധതി (2 എണ്ണം)

ലൈഫ് ലിസ്റ്റിലുള്ള ഗുണഭോക്താക്കളുടെ എണ്ണം 27 ആണെങ്കിലും പരിശോധനയ്ക്കുശേഷം അർഹതയുള്ളവരുടെ എണ്ണം 5 ആണ്. ഇവർക്ക് വീടു നിർമ്മിക്കാൻ (ലോൺ തുക കൂടാതെ) 20.00 ലക്ഷം രൂപ മതി. അധികമുള്ള തുക മറ്റു മേഖലയിൽ ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച് .

**തീരുമാനം:-** 1) ഈ പഞ്ചായത്തിൽ വീടിന്റെ മേൽക്കൂര മാറ്റുന്നതിന് ധനസഹായം ആവശ്യമുള്ളവരുണ്ടെന്ന് ലൈഫ് മിഷൻ പ്രതിനിധി അറിയിച്ചതനുസരിച്ച് അധിക തുക ഈ ആവശ്യത്തിലേയ്ക്ക് ഉപയോഗിക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി- 1)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

4.13 ചിതറ ഗ്രാമപഞ്ചായത്ത്

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.10.2018-ലെ കത്തും ചിതറ ഗ്രാമപഞ്ചായത്തിന്റെ 28.09.2018-ലെ 3(1) നമ്പർ ഭരണസമിതി തീരുമാനവും (SRG 879/18-CC170/18)**

പ്രോ.നം- 149/19 അടങ്കൽ 10,00,000/- രൂപ

പേര്:- സ്കൂളുകൾക്ക് പ്രോജക്ടറും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ.

എയ്ഡഡ് സ്കൂളുകളിൽ പ്രോജക്ടറും കമ്പ്യൂട്ടറുകളും വാങ്ങി നൽകാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം:-** അനുമതി നിരസിച്ചു. എന്നാൽ എല്ലാ സർക്കാർ സ്കൂളിലും ഈ സൗകര്യം ഒരുക്കിയതിനുശേഷം 50 ശതമാനം മാച്ചിംഗ് ഫണ്ട് എയ്ഡഡ് സ്കൂൾ മാനേജ്മെന്റ് നൽകുകയാണെങ്കിൽ പ്രോജക്ട് നടപ്പാക്കാവുന്നതാണ്.

**നടപടി- 1)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

4.14 തിരുനെല്ലി ഗ്രാമപഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.09.2018-ലെ കത്തും തിരുനെല്ലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 27.09.2018-ലെ കത്തും (SRG 851/18 – CC157/18)**

പ്രോ.നം- 164/19 അടങ്കൽ 13,00,000/- രൂപ

പേര്:- കാട്ടിക്കുളം ഹയർ സെക്കന്ററി സ്കൂൾ മെയിന്റനൻസ് – ജില്ലാ പഞ്ചായത്തിന് തുക കൈമാറൽ

തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ കാട്ടിക്കുളം ഗവ. ഹയർ സെക്കന്ററി സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി സ്ഥലം വാങ്ങുന്നതിന് ജില്ലാ പഞ്ചായത്തിന് തുക കൈമാറാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** പ്രത്യേക അനുമതി നൽകുന്നു.

**നടപടി- 1)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

4.15 കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത്

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.09.2018-ലെ കത്തും കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 22.09.2018-ലെ KB1-3005/18-ാം നമ്പർ കത്തും. (SRG/1/ - CC145/18)**

മികച്ച ബ്ലോക്ക് പഞ്ചായത്തിനുള്ള അവാർഡ് എന്ന നിലയിൽ 01.08.2018-ലെ 6522/18/Fin നമ്പർ ഉത്തരവു പ്രകാരം 35.00 ലക്ഷം രൂപ അവാർഡായി ലഭിച്ചിരുന്നു. ഈ തുക ലഭിക്കും എന്ന പ്രതീക്ഷയിൽ 2017-18, 2018-19ലായി മൂന്നു പ്രോജക്ടുകൾ ഏറ്റെടുത്തിരുന്നു. (പ്രോ.നം. 75/19, 44/19, 105/19) ഈ പ്രോജക്ടുകളിൽ

വിഹിതം "തനത് ഫണ്ട് - സ്വരാജ് അവാർഡ് തുക" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അതിനാൽ ഇപ്പോൾ ലഭിച്ച തുക ഉപയോഗിച്ച് വേറെ പ്രോജക്ട് എടുക്കുന്നതിനു പകരം ഈ തുക തനത് ഫണ്ടിലേയ്ക്ക് മാറ്റുന്നതിന് അനുമതി സംബന്ധിച്ച്

**തീരുമാനം:-** മുകളിൽ പറഞ്ഞ പ്രോജക്ടുകൾ ഭേദഗതി ചെയ്ത് ഈ തുക ഉപയോഗിക്കാനോ ഈ തുകയ്ക്ക് മറ്റു പ്രോജക്ടുകൾ എടുക്കാനോ ഉപയോഗിക്കേണ്ടതാണ്. തനത് ഫണ്ടിലേയ്ക്ക് മാറ്റിയിടാവുന്നതല്ല

**നടപടി- 1) തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്**

## 4.16 കിഴക്കേ കല്ലട പഞ്ചായത്ത്

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.09.2018-ലെ കത്തും കിഴക്കേ കല്ലട ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 01.09.2018-ലെ K3-1310/18-ാം നമ്പർ കത്തും. (SRG 821/18 CC-60/18)**

ഗ്രാമപഞ്ചായത്തിലെ ഉപ്പൂട് വാർഡിലേയ്ക്കുള്ള KSRTC സ്റ്റേ സർവീസ് നടത്തുന്ന ജീവനക്കാർക്കുള്ള സ്റ്റേ റൂമിന് പഞ്ചായത്തിൽ നിന്നു വാടക കൊടുക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം:-** ഇതിന്മേൽ തീരുമാനമെടുക്കാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി- 1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**

## 4.17 മണീട് പഞ്ചായത്ത്

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.09.2018-ലെ കത്ത് (SRG 822/18-CC/61/18)**

പ്രോ.നം. 33/19 അടങ്കൽ 60,000/- രൂപ

പേര് :- ഈറ്റ വിതരണം

ഈറ്റ കൊണ്ടുള്ള ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിന് ബാംബൂ കോർപ്പറേഷനിൽ നിന്നും ഈറ്റ വാങ്ങി പട്ടികജാതി വിഭാഗത്തിലെ വനിതകൾക്ക് വിതരണം ചെയ്യാനുള്ള പ്രോജക്ട്. ഇത് 100 ശതമാനം സബ്സിഡിയോടെ നൽകാൻ അനുമതി സംബന്ധിച്ച്. ഒരു ഗുണഭോക്താവിന് 5000/- രൂപയാണ് നൽകുന്നത്.

**തീരുമാനം:-** ഈ വർഷത്തേയ്ക്ക് മാത്രമായി പ്രത്യേക അനുമതി നൽകുന്നു.

**നടപടി- 1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

## 4.18 ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത്

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.09.2018-ലെ കത്തും ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ 5.06.2018-ലെ 1(3)-ാം നമ്പർ ഭരണസമിതി തീരുമാനവും** (SRG 828/18-CC – 75/18)

2017-18-ൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 60 വിദ്യാർത്ഥികൾക്ക് പഠന മുറി നിർമ്മിച്ചു നൽകിയിരുന്നു. നിലനിന്നിരുന്ന നിരക്കായ 1.00 ലക്ഷം രൂപ വീതമാണ് നൽകിയത്. 12.12.2017-ലെ ഉത്തരവ് പ്രകാരം പഠന മുറിയുടെ നിരക്ക് 2.00 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. ഈ വിദ്യാർത്ഥികൾക്ക് അധികമായി 1.00 ലക്ഷം രൂപ കൂടി നൽകാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം:-** അനുമതി നിരസിച്ചു.

**നടപടി- 1)തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്**

**4.19 തലക്കുളത്തൂർ ഗ്രാമ പഞ്ചായത്ത്**

**കോഴിക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.09.2018-ലെ കത്ത് (SRG 830/18 CC-78/18)**

2017-18-ൽ എടക്കര മിനി സ്റ്റേഡിയം ഏലിയോട്ടുമ്മൽതാഴം - ചാത്തോത്ത് താഴം- റോഡ് ഉയർത്തലും സൈഡ് കെട്ടലും (പ്രോ.നം. 41/18 എസ്.സി.എസ്.പി ) എന്ന പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു. 2018 മാർച്ച് മാസം ഈ പ്രവൃത്തി പൂർത്തീകരിച്ചുവെങ്കിലും ബിൽ തയ്യാറാക്കിയില്ല. 2018-19-ലേയ്ക്ക് ഇത് സ്പിൽഓവറായി ട്രാൻസ്ഫർ ചെയ്യുന്നതിനു പകരം അബദ്ധവശാൽ പ്രോജക്ട് ഒഴിവാക്കി. ഈ പ്രോജക്ടുകൾ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** അനുമതി നൽകുന്നു. സുലേഖ സോഫ്റ്റ് വെയറിൽ ഇതിനുള്ള ക്രമീകരണം ചെയ്യാൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി- 1)തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**4.20 അയിലൂർ പഞ്ചായത്ത്**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.09.2018-ലെ കത്തും അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 03.09.2018-ലെ ഭരണ സമിതി തീരുമാനവും (SRG 838/18 CC-87/18)**

പ്രോ.നം. 30/18 അടങ്കൽ 5,00,000/- രൂപ
പ്രോ.നം. 392/18 അടങ്കൽ 7,50,175/- രൂപ
പേര്: - എൽ.ഇ.ഡി. ലൈറ്റ് സ്ഥാപിക്കൽ

2017-18-ൽ 14,15,17 വാർഡുകളിലായി എൽ.ഇ.ഡി. ലൈറ്റ് സ്ഥാപിക്കാൻ പ്രോജക്ട് ഉൾപ്പെടുത്തി. അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ കെ.ഇ.എൽ മുഖേനയാണ് പ്രോജക്ട് നിർവഹണം നടത്തിയത്. എന്നാൽ 25.07.2017-ലെ 95/17/Fin നമ്പർ ഉത്തരവ് പ്രകാരം കെ.ഇ.എൽ നെ ഇലക്ട്രോ മെക്കാനിക്കൽ പ്രവർത്തികളുടെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി (PMC) മാത്രമേ അംഗീകരിച്ചിട്ടുള്ളൂ. രണ്ട്

പ്രവൃത്തികളും പൂർത്തിയായതിനാൽ ബിൽ തുക നൽകാൻ പ്രത്യേക അനുമതി സംബന്ധിച്ച്.

**തീരുമാനം:-** 1) ഇപ്രകാരമുണ്ടായ ശ്രദ്ധക്കുറവ് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വീഴ്ചയാണെന്ന് യോഗം വിലയിരുത്തി.
2) പ്രത്യേക അനുമതി നൽകുന്നു

**നടപടി- 1)തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**4.21 വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.09.2018-ലെ കത്തും വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന്റെ 23.07.2018-ലെ 7(1)-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 859/18 CC-2/18)**

പ്രോ.നം. 32/19 അടങ്കൽ 4.00 ലക്ഷം രൂപ
പേര്:- മാലിന്യ സംസ്കരണ യൂണിറ്റ്

പഞ്ചായത്തിൽ 48 പേരുള്ള ഹരിത കർമ്മസേന രൂപീകരിച്ച് എം.സി.എഫ് പ്രവർത്തനം നടത്തുന്നുണ്ട്. 1400 രൂപ വീതം പ്രതിമാസം വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകിയിരുന്നു. ഈ വർഷവും 6 മാസത്തേയ്ക്ക് ഹരിത കർമ്മ സേന അംഗങ്ങൾക്ക് വേതനം നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം:-** പിന്നീട് പരിഗണിക്കുന്നതാണ്.

**നടപടി- 1)തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്**

**4.22കാക്കൂർ ഗ്രാമപഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.09.2018-ലെ കത്ത് (SRG 836/18 CC-89/18)**

റോഡ് മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ 2018-19 വർഷം 70.70 ലക്ഷം രൂപയുണ്ട്. ഇതിൽ നിന്ന് 55.20 ലക്ഷം രൂപ പുതിയ മൺ റോഡുകളുടെ ടാറിംഗിന് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** 28.11.2012-ലെ 68228/എഫ്.എം1/2012/തസ്വഭവ നമ്പർ സർക്കുലർ, കോഓർഡിനേഷൻ കമ്മിറ്റിയുടെ 24.05.2017-ലെ തീരുമാനം (ഖണ്ഡിക 3.11) എന്നിവ പാലിക്കേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനത്തിന് കൈമാറിക്കിട്ടിയ റോഡുകളിലൊന്നും അറ്റകുറ്റപ്പണികൾ ആവശ്യമില്ലെന്ന് ഭരണസമിതി ഏകകണ്ഠമായി തീരുമാനമെടുക്കുകയും ഇത് ബന്ധപ്പെട്ട എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയും ചെയ്താൽ മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ് എന്നിവയ്ക്ക് ഉപയോഗിക്കാവുന്നതാണ്.

**നടപടി- 1)തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്**

### 4.23കല്പകഞ്ചേരി ഗ്രാമപഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.09.2018-ലെ കത്ത്. കല്പകഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 25.07.2018-ലെ 12(1) –ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 838/18 CC-95/18)**

ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന ശ്രീമതി. കദിയ എന്ന ആളുകളുടെ റേഷൻ കാർഡിൽ പേരുള്ള മകൻ ശ്രീ.ഉസ്സൽ എന്ന ആൾക്ക് ഒരു വീടുണ്ട് എന്ന കാരണത്താൽ ശ്രീമതി കദിയയെ വി.ഇ.ഒ യുടെ ശുപാർശ പ്രകാരം അർഹതാ ലിസ്റ്റിൽ നിന്ന് ഒഴിവാക്കി. ഇവർക്ക് മറ്റാരും സഹായത്തിനില്ലെന്നും ബധിരനും മൂകനുമായ മകനോടൊപ്പം വാടക വീട്ടിലാണ് താമസിക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്. അതിനാൽ ഗുണഭക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം:-** പ്രത്യേക അനുമതി നൽകുന്നു. ആവശ്യമായ തുടർ നടപടി ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എടുക്കണം

**നടപടി- 1)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

### 4.24എടപ്പറ്റ ഗ്രാമപഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.10.2018-ലെ കത്ത് (SRG 852/18 CC-160/18)**

പ്രോ.നം. 183/18 അടങ്കൽ 14,16,600/- രൂപ (CFC)

പേര്: – ഗ്രാമപഞ്ചായത്തിന് പുതിയ ഓഫീസ് സജ്ജീകരണം

2017-18-ൽ ഗ്രാമപഞ്ചായത്ത് ഓഫീസ് നവീകരണത്തിന് ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഗ്രാമപഞ്ചായത്ത് ഓഫീസ് നവീകരണത്തിന് പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു. എഗ്രിമെന്റ് വയ്ക്കാതെയും വർക്ക് ഓർഡർ നൽകാതെയും കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷനെ (KADCO) ജോലി ഏൽപ്പിച്ചു. 70 ശതമാനം പ്രവർത്തി പൂർത്തിയായി . ഇതിന് സാധൂകരണം നൽകണമെന്നു സംബന്ധിച്ച്

**തീരുമാനം:-**

1) ഈ പ്രോജക്ടിന് ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിക്കാവുന്നതല്ല.
2) നടപടിക്രമങ്ങൾ പാലിക്കാതെ KADCO യെ പ്രവൃത്തി എൽപ്പിച്ച നടപടി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനമെടുക്കും

**നടപടി- 1)തദ്ദേശസ്വയംഭരണ(എ.ബി) വകുപ്പ്**

### 4.25കോട്ടയ്ക്കൽ നഗരസഭ

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.10.2018-ലെ കത്തും കോട്ടയ്ക്കൽ മുനിസിപ്പൽ ചെയർമാന്റെ 18.09.2018-ലെ PO/13189/14-ാം നമ്പർ കത്തും (SRG 853/18-CC162/18)**

ഭവനശ്രീ പദ്ധതി പ്രകാരം കോട്ടയ്ക്കൽ നഗരസഭയിൽ 160 കുടംബങ്ങൾക്ക് വീട് വച്ചു നൽകുന്നുണ്ട്. ഇവരിൽ 10 പേർ വീട് നിർമ്മാണത്തിന് എഗ്രിമെന്റ് വയ്ക്കാതെ വീട്ടു

നമ്പർ കരസ്ഥമാക്കി താമസം ആരംഭിച്ചു. ഇവർക്ക് ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം:-** 1) ഇത് കോഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു
2) ഇതിന്മേൽ പരിശോധിച്ച് തീരുമാനമെടുക്കാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി- 1) തദ്ദേശസ്വയംഭരണ(ഡി. സി) വകുപ്പ്**

## 4.26 കാസർഗോഡ് ജില്ലാ പഞ്ചായത്ത്

**കാസറഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.09.2018-ലെ കത്തും കാസർഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡൻ്റിൻ്റെ 14.09.2018-ലെ B2-4019/17-ാം നമ്പർ കത്തും (SRG 776/18 CC-47/18)**

2017-18 വാർഷിക പദ്ധതിയിൽ താഴെപ്പറയുന്ന പ്രോജക്ടുകൾ ഉൾപ്പെട്ടിരുന്നു.

| പ്രോ.നം. | പ്രോജക്ടിൻ്റെ പേര് | അടങ്കൽ |
|---|---|---|
| 1) പ്രോ.നം.167/18 | ജി.എച്ച്.എസ് എടനീർ കഞ്ഞിപ്പുര നിർമ്മാണം | 15,04.200/- രൂപ (നോൺറോഡ് മെയിൻ്റനൻസ് ഗ്രാൻ്റ് |
| 2) പ്രോ.നം.204/18 | ജി.എച്ച്.എസ്. ബളാൽ അറ്റകുറ്റപ്പണികൾ | 2,50,000/- രൂപ (NRMG) |

ഈ പ്രോജക്ടുകൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. എന്നാൽ 2018-19-ൽ സ്പിൽഓവറാക്കാൻ വിട്ടുപോയി. ഇത് ഈ വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്താൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** അനുമതി നൽകുന്നു. ഇതിനാവശ്യമായ ക്രമീകരണം സുലേഖ സോഫ്റ്റ് വെയറിൽ വരുത്താൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി

**നടപടി- 1) തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ ഐ.കെ.എം**

## 4.27 ചമ്പക്കുളം ഗ്രാമപഞ്ചായത്ത്

**തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 18.06.2018-ലെ DB2/12084/16/CE/LSGD-നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.07.2017-ലെ യോഗ നടപടിക്കുറിപ്പും (ഖണ്ഡിക 3.25) - LSGD – DB2/298/2018-LSGD (SRG 865/18)**

ചമ്പക്കുളം ഗ്രാമപഞ്ചായത്തിലെ ഗവ. ഹോമിയോ ആശുപത്രി കെട്ടിടം 11 വർഷമായി വെള്ളപ്പൊക്കം മൂലം ഭൂമി നിരപ്പിൽ നിന്നും താഴെയാണ്. ഇത് പൊളിച്ചു മാറ്റി പുതിയതു പണിയുന്നതിനു പകരം കെട്ടിടം ഉയർത്തുന്ന സാങ്കേതികവിദ്യ ഉപയോഗിച്ച് കെട്ടിടം ഉയർത്തി അടിത്തറ ബലപ്പെടുത്താൻ അനുമതിയും എസ്റ്റിമേറ്റ് തുടങ്ങിയവ നിശ്ചയിച്ച് നൽകുവാനും പഞ്ചായത്ത് ആവശ്യപ്പെട്ടിരുന്നു.

ഇത് വിദഗ്ധരുമായി ചർച്ച ചെയ്ത് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു.

ഇതിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ വിദഗ്ധരുമായി ചർച്ച ചെയ്ത് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ആശുപത്രി ഈ രീതിയിൽ ബലപ്പെടുത്തുന്നതിന് 7.55 ലക്ഷം രൂപയാകുമെന്നും ഇതേ വിസ്തീർണ്ണമുള്ള പുതിയ കെട്ടിടം പണിയുന്നതിന് 15.50 ലക്ഷം രൂപയാകുമെന്നും അറിയിച്ചിട്ടുണ്ട്. അതിനാൽ പരീക്ഷണാർത്ഥം ഈ സാങ്കേതിക വിദ്യ ഉപയോഗിക്കാമെന്ന് ചീഫ് എഞ്ചിനീയർ ശുപാർശ ചെയ്തിട്ടുണ്ട്.

**തീരുമാനം:-** പ്രത്യേക അനുമതി നൽകുന്നു. ഇത് പ്രത്യേകമായി മോണിറ്റർ ചെയ്യാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

**നടപടി- 1)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

## 4.28വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.10.2018-ലെ കത്തും വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 25.06.2018-ലെ A6-7092/17 –ാം നമ്പർ കത്തും**

പ്രോ.നം. 211/19 അടങ്കൽ 10,00,000/- രൂപ

പേര്:- മാലന്യ സംസ്കരണ കേന്ദ്രത്തിൽ ഇൻസിനറേറ്റർ വേസ്റ്റ് ഡിസ്ട്രോയർ സ്ഥാപിക്കൽ

വടക്കാഞ്ചേരി ഗ്രാമ പഞ്ചായത്തിൽ ഒരു ഖരമാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തിക്കുന്നുണ്ട്. പുനഃചംക്രമണം നടത്താൻ കഴിയാത്ത മാലിന്യങ്ങൾ നശിപ്പിച്ചു കളയുന്നതിന് ഒരു ഇൻസിനറേറ്റർ സ്ഥാപിക്കാൻ 2017-18-ൽ പ്രോജക്ട് ഏറ്റെടുത്തിരുന്നു. അത് ഈ വർഷം സ്പിൽഓവറായി തുടരുന്നു. ഈ പ്രോജക്ടിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ഇതു നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** ശുചിത്വ മിഷന്റെ മാർഗ്ഗ നിർദ്ദേശപ്രകാരം പ്രോജക്ട് നടപ്പാക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി- 1)തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്**

## 4.29 കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറിയുടെ 10.10.2018-ലെ KGPA/LM/FR/2018 10/1002- ാം നമ്പർ കത്ത്.

പ്രളയ ബാധിത പഞ്ചായത്തുകളിലെ കിണറുകൾ കവിഞ്ഞൊഴുകി ജലം മലിനമായിരിക്കുകയാണെന്നതിനാൽ വെള്ളം വറ്റിച്ച് കിണർ ശുചിയാക്കാൻ വികസനഫണ്ട് ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** ഇതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ ധനസഹായം നൽകുന്നത് ഒഴിവാക്കേണ്ടതാണെന്ന് യോഗം നിരീക്ഷിച്ചു. എങ്കിലും അത്യാവശ്യമുള്ള സ്ഥലങ്ങളിൽ മാത്രം തനത് ഫണ്ട് ഉപയോഗിക്കാൻ ഈ വർഷത്തേയ്ക്ക് മാത്രം അനുമതി നൽകുന്നു. നിരക്ക് ചെലവിന്റെ അടിസ്ഥാനത്തിൽ

ബന്ധപ്പെട്ട എഞ്ചിനീയർമാർ നിശ്ചയിക്കണം. ഇത്തരം പ്രവൃത്തികൾ ഉണ്ട് എങ്കിൽ അത് 30 ദിവസത്തിനകം പൂർത്തിയാക്കണം.

**നടപടി- 1)തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്**

**4.30 കീഴാറ്റൂർ ഗ്രാമപഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.10.2018-ലെ കത്തും കീഴാറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 04.08.2018-ലെ 1(9)-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 855/18 - CC-196/18)**

പ്രോ.നം. 90/19 അടങ്കൽ 8,25,000/- രൂപ

പേര്:- വാഴക്കൃഷി വികസനം

വാഴക്കൃഷിക്ക് കുമ്മായം, ജൈവവളം എന്നിവ നൽകുന്നതിന് 75% സബ്സിഡിയും 25% ഗുണഭോക്തൃ വിഹിതവുമാണ് മാർഗ്ഗരേഖ പ്രകാരം അനുവദിച്ചിരിക്കുന്നത്. മഴക്കെടുതിയുടെ പശ്ചാത്തലത്തിൽ ഗുണഭോക്തൃ വിഹിതം മുൻകൂറായി അടയ്ക്കാതെ സബ്സിഡി തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് നൽകുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം:-** അനുമതി നിരസിച്ചു.

**നടപടി- 1)തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**4.31 പൂഞ്ഞാർ ഗ്രാമപഞ്ചായത്ത്**

**പൂഞ്ഞാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 21.04.2018-ലെ കത്തും 19.03.2018-ലെ 11(2) -ാം നമ്പർ ഭരണസമിതി തീരുമാനവും പഞ്ചായത്ത് ഡയറക്ടറുടെ 02.07.2018-ലെ J1-17738/18-ാം നമ്പർ കത്തും.(SRG/866/18) (LSGD-DA1/450/2018-LSGD**

പ്രോ.നം. 127/19 അടങ്കൽ 2.00 ലക്ഷം- രൂപ

പേര്:- കാർഷിക വിളകൾക്ക് താങ്ങുവില

കാർഷിക വിളകൾക്ക് താങ്ങുവില നൽകുന്ന പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ജില്ലാ ആസൂത്രണസമിതി അനുമതി നൽകിയിട്ടില്ല. ഇതിന് അനുമതി നൽകണമെന്നു സംബന്ധിച്ച്

**തീരുമാനം:-** അനുമതി നിരസിച്ചു.

**നടപടി- 1)തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**4.32 പറളി ഗ്രാമപഞ്ചായത്ത്**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.10.2018-ലെ കത്ത്( SRG -868/18- CC-219/18)**

പ്രോ.നം. 117/19 അടങ്കൽ 3, 60,000/- രൂപ

പേര്:- കോക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞ കുട്ടികൾക്ക് കേൾവി സഹായി - അനുബന്ധ ഉപകരണങ്ങൾ

പഞ്ചായത്തിലെ മനോജ് കുമാർ മകൾ മീനു എന്ന കുട്ടിക്ക് കോക്ലിയർ ഇംപ്ലാന്റേഷനു ശേഷമുള്ള ഉപകരണം ആവശ്യമുണ്ട്. ഇത്തരം ഉപകരണങ്ങൾ KSSM മായി ബന്ധപ്പെട്ട് വാങ്ങണമെന്ന് 05.09.2018-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ തീരുമാനിച്ചിരുന്നു. ഈ കുട്ടിക്ക് ഉപയോഗിക്കേണ്ട പ്രോസസ്സർ, ആക്സസറീസ് എന്നിവ ഡൽഹിയിലുള്ള ALPS ഇന്റർ നാഷണൽ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നു മാത്രമേ ലഭിക്കൂ എന്ന് കോഴിക്കോട് ഗവ.മെഡിക്കൽ കോളേജിലെ ENT ഓഡിയോളജി വകുപ്പിലെ ഡോക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അതിനാൽ ഈ സ്ഥാപനത്തിൽ നിന്ന് ഉപകരണങ്ങൾ വാങ്ങാൻ അനുമതി സംബന്ധിച്ച്

**തീരുമാനം:-** പ്രത്യേക അനുമതി നൽകുന്നു.

**നടപടി- 1)തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

## 4.33 ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത്

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.10.2018-ല കത്തും ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 11.07.2018-ലെ കത്തും. (SRG 886/18 CC - 216/18)**

പ്രോ.നം.123/19 അടങ്കൽ 2,50,000/- രൂപ

പേര്:- വായനശാലകൾ വഴി പൊതുജനങ്ങൾക്ക് ലഹരി ഉപയോഗത്തിന്റെ ദോഷഫലങ്ങൾ മനസ്സിലാക്കുന്നത്

ലഹരി - പുകയില ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങൾ പ്രചരിപ്പിക്കുന്നതിന് 5 ഗ്രാമപഞ്ചായത്തുകളിലെ മികച്ച വായനശാലകൾക്ക് LCD പ്രൊജക്ടർ വാങ്ങി നൽകുന്നതിനുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** അനുമതി നിരസിച്ചു.

**നടപടി- 1)തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്**

## 4.34 കാരക്കുറിശ്ശി ഗ്രാമപഞ്ചായത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.102018-ലെ കത്ത് (SRG -871/18 CC-225/18)**

പ്രോ.നം. 218/19 } അടങ്കൽ 20.00 ലക്ഷം രൂപ (സംസ്ഥാന വിഹിതം 15.00 ലക്ഷം രൂപ , തനത് ഫണ്ട് 5.00 ലക്ഷം രൂപ)

പേര്:- പഞ്ചായത്ത് പൊതു ശ്മശാനം സംരക്ഷണം

2016-17-ൽ പുതുതായി എടുത്തതും ഈ വർഷം സ്പിൽ ഓവറായി തുടരുന്നതുമായ പ്രോജക്ട് ആണ് പഞ്ചായത്ത് 'പൊതു ശ്മശാനം ചുറ്റുമതിൽ'. ആകെ അടങ്കലായ 20.00 ലക്ഷം രൂപയിൽ 15.00 ലക്ഷം രൂപ സംസ്ഥാനാവിഷ്കൃത ഫണ്ടാണ്. ഈ തുക ലഭിക്കില്ല എന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തിയായി. തുക നൽകാൻ സംസ്ഥാനാവിഷ്കൃത ഫണ്ടിനു പകരം തനത് ഫണ്ട് ഉപയോഗിച്ച് ഭേദഗതി ചെയ്യാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** അനുമതി നൽകുന്നു. ഇതിനാവശ്യമായ ക്രമീകരണം ചെയ്യാൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി- 1)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

## 4.35 നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.10.2018-ലെ കത്തും നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05.10.2018-ലെ A1-686/18--ാം നമ്പർ കത്തും (SRG/872/18 CC-226/18)**

പ്രോ.നം. 57/19 അടങ്കൽ 2.00 കോടി രൂപ
പേര്:- ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് തുക നൽകൽ

ലൈഫ് പദ്ധതിയിൽ 114 തോട്ടം തൊഴിലാളികളായ ഗുണഭോക്താക്കളുണ്ട്. നെല്ലിയാമ്പതിയിൽ ഭൂമി ലഭ്യമല്ലാത്തതിനാൽ ഇവരിൽ പലരും സ്ഥലം വാങ്ങിയിരിക്കുന്നത് നെന്മാറ, ഇലവഞ്ചേരി, കൊല്ലംകോട്, മേലാർകോട്, പല്ലശ്ശന തുടങ്ങിയ പഞ്ചായത്തുകളിലാണ്. അതിനാൽ ലൈഫ് പദ്ധതിയിൽ വകയിരുത്തി യിരിക്കുന്ന തുക ഈ പഞ്ചായത്തുകളിലേയ്ക്കോ ലൈഫ് മിഷനോ ട്രാൻസ്ഫർ ചെയ്യാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം:-** ഇത് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിലേയ്ക്ക് പരിഗണിക്കാൻ മാറ്റി വച്ചു.

**നടപടി- 1)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**
**2)സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**

## 4.36 ഏലപ്പാറ ഗ്രാമപഞ്ചായത്ത്

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.10.2018-ലെ കത്തും ഏലപ്പാറ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28.05.2018-ലെ 1(7)-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 873/18 CC-320/18)**

പ്രോ.നം. 120/19 അടങ്കൽ 50.00 ലക്ഷം രൂപ
പേര്:- ഏലപ്പാറ ബസ് സ്റ്റാൻഡ് പുനരുദ്ധാരണവും അനുബന്ധ സൗകര്യങ്ങളും

2017-18-ൽ ഏലപ്പാറ ബസ് സ്റ്റാൻഡ് നിർമ്മാണത്തിനുള്ള പ്രോജകട് ഇ - ടെണ്ടറിലൂടെ ശ്രീ.അനിൽ കുമാർ എന്ന കോൺട്രാക്ടറെ ഏൽപ്പിച്ചു. എന്നാൽ ഇദ്ദേഹം കരാറുമായി ബന്ധപ്പെട്ട് സമർപ്പിച്ച രേഖകൾ കൃത്രിമമായിരുന്നു. കേസ് നടക്കുന്നു. അതിനാൽ ടെണ്ടർ സമർപ്പിച്ചതിൽ രണ്ടാമത്തെ കരാറുകാരനെ പ്രവൃത്തി ഏൽപ്പിക്കുന്നതിനോ റീ ടെണ്ടർ ചെയ്യുന്നതിനോ അനുമതി സംബന്ധിച്ച്

**തീരുമാനം:-** ഇതിന്മേൽ തീരുമാനമെടുക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

**നടപടി- 1)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

**4.37 മലമ്പുഴ ഗ്രാമപഞ്ചായത്ത്**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.10.2018-ലെ കത്തും മലമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 03.08.2018-ലെ കത്തും**

പ്രോ.നം. 186/19 അടങ്കൽ 4.00 ലക്ഷം രൂപ

പേര്:- മത്സ്യബന്ധന വല

മലമ്പുഴ ഡാം റിസർവോയറിൽ വലിയ ടയറിന്റെ ട്യൂബ് ഉപയോഗിച്ച് മീൻ പിടിക്കുന്നതിന് വല വാങ്ങി നൽകാൻ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം വള്ളത്തിൽ മീൻ പിടിക്കുന്നവർക്കാണ് വല വാങ്ങി നൽകുന്നത്. ഇവർക്കു കൂടി വല വാങ്ങി നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** ടയറിന്റെ ട്യൂബ് ഉപയോഗിച്ച് മീൻ പിടിക്കുന്നതിന്റെ സുരക്ഷ സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് സഹിതം പുനഃസമർപ്പിക്കണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും

**നടപടി- 1)തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**4.38എറണാകുളം ജില്ലാ പഞ്ചായത്ത്**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.10.2018-ലെ കത്തും എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 10.10.2018-ലെ DP7-2600/17)-ാം നമ്പർ കത്തും.(SRG 896/18 CC-178/18)**

എറണാകുളം ജില്ലയിൽ വൈപ്പിൻ മേഖലയിൽ കൺവേയൻസ് ചാർജ്ജ് കൂടുതലായതിനാൽ പൊതു മരാമത്ത് പ്രവൃത്തികളുടെ നിർവഹണത്തിന് തടസ്സം നേരിടുന്നതിനാൽ സർക്കാർ ഇടപെടൽ വേണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം:-** ഇത് സർക്കാരിന്റെ പരിഗണനയിലാണെന്ന് തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ യോഗത്തിൽ അറിയിച്ചു. ഇതിന്മേലുള്ള നടപടിയും തീരുമാനവും വേഗത്തിലാക്കാൻ യോഗം നിർദ്ദേശിച്ചു

**നടപടി- 1)തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

4.39 **ചേലാമ്പ്ര ഗ്രാമപഞ്ചായത്ത്**

**ചേലാമ്പ്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 18.07.2017-ലെ A1-8283/2017-ാം നമ്പർ കത്ത്**

പാലിയേറ്റീവ് രോഗികൾക്ക് മരുന്നും ഭക്ഷണവും നൽകുന്നതിന് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. അടങ്കൽ 5,43,600/- രൂപ (2.00 ലക്ഷം വികസനഫണ്ട് 3,43,600/- രൂപ തനത് ഫണ്ട്) ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** ആശ്രയ കുടുംബങ്ങളിലെ പാലിയേറ്റീവ് രോഗികൾക്ക് മാത്രം മരുന്നിനോടൊപ്പം പാകം ചെയ്ത ഭക്ഷണം നൽകാൻ അനുമതി നൽകുന്നു. പാകം ചെയ്യാത്ത ഭക്ഷണം വിതരണം ചെയ്യാവുന്നതല്ല.

**നടപടി- 1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

(യോഗം വൈകിട്ട് 5.00 മണിക്ക് അവസാനിച്ചു.)

**അനുബന്ധം**

**<u>യോഗത്തിൽ പങ്കെടുത്തവർ</u>**

1 ബഹു. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി
2 അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
3 ഡോ.കെ.എൻ.ഹരിലാൽ, മെമ്പർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
4 സെക്രട്ടറി, പ്ലാനിംഗ് ആന്റ് എക്കണോമിക് അഫയേഴ്സ് (പ്രതിനിധി)
5 പ്രിൻസിപ്പൽ സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ് (പ്രതിനിധി)
6 മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് (പ്രതിനിധി)
7 സെക്രട്ടറി, എസ്.സി/എസ്.റ്റി വകുപ്പ്
8 ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
9 ഡയറക്ടർ, നഗരകാര്യ വകുപ്പ് (പ്രതിനിധി)
10 ഗ്രാമവികസന കമ്മീഷണർ
11 സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ
12 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
13 ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെന്റ്
14 എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം(പ്രതിനിധി)
15 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
16 ഡയറക്ടർ, എസ്.സി. ഡെവലപ്മെന്റ് (പ്രതിനിധി)
17 ഡയറക്ടർ, എസ്.റ്റി. ഡെവലപ്മെന്റ് (പ്രതിനിധി)
18 എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ(പ്രതിനിധി)
19 ജോയിന്റ് ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എ
20 ഡോ. മുഹമ്മദ് അഷീൽ, എക്സിക്യൂട്ടീവ് ഡയറക്ടർ കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ
21 റ്റി.ആർ. സദാശിവൻ നായർ , ഡയറക്ടർ, കൾച്ചർ